# നിയമനാധികാരിയേക്കാൾ താഴ്ന്ന ഉദ്യോഗസ്ഥൻ തൊഴിലാളിയെ പിരിച്ചുവിട്ട നടപടി നിയമവിരുദ്ധം

## മദ്രാസ് ഹൈക്കോടതി

W.P. (MD) No. 25060/2018 Dt. 28.11.2019

പി. മുരുകേശൻ

x

നാഷണൽ ഹോർട്ടിക്കൾച്ചറൽ റിസർച്ച് ഏന്റ് ഡവലപ്മെന്റ് ഫൗണ്ടേഷൻ

1983-ൽ ടെക്നിക്കൽ അസിസ്റ്റന്റ് എന്ന തസ്തികയിലാണ് സ്ഥാപനത്തിന്റെ പ്രസിഡന്റ് തൊഴിലാളിയെ നിയമിച്ചത്. 1993-ൽ മേനേജ്മെന്റ് അയാൾക്ക് സ്ഥാനക്കയറ്റം നല്കി ടെക്നിക്കൽ ഓഫീസർ ആയി നിയമിച്ചു. ആരംഭത്തിൽ ഡിന്റിഗലിൽ നിയമിക്കപ്പെട്ട തൊഴിലാളി വിവിധ സ്ഥലങ്ങളിലേക്ക് സ്ഥലം മാറ്റപ്പെട്ടു. ആന്ധ്രപ്രദേശിലെ കുർണൂലിൽ ജോലി ചെയ്തുകൊണ്ടിരിക്കെ, വേണ്ടത്ര അവധി ലഭ്യമായിരുന്നിട്ടും, തൊഴിലാളിയുടെ അവധി അപേക്ഷ സ്ഥാപനത്തിന്റെ ഡയറക്ടർ നിരസിച്ചു. ഇതു സംബന്ധിച്ച് തൊഴിലാളി ബന്ധപ്പെട്ട അധികാരി മുമ്പാകെ പരാതി നല്കി. ഉടനെ ഡയറക്ടർ അയാളെ ഉത്തർപ്രദേശിലെ വാരാണസിയിലേക്ക് സ്ഥലംമാറ്റി. എന്നാൽ സ്ഥലം മാറിപ്പോകുമ്പോൾ നല്കേണ്ട ബത്ത അനുവദിക്കാൻ ഡയറക്ടർ കൂട്ടാക്കിയില്ല. അതിനാൽ തൊഴിലാളി സ്ഥലംമാറിപ്പോയില്ല. ഡെപ്യൂട്ടി ഡയറക്ടറായി സ്ഥാനക്കയറ്റം ലഭിക്കാൻ അർഹതയുണ്ടായിട്ടും ഡയറക്ടർ അത് അനുവദിച്ചില്ല. അപ്രകാരമിരിക്കെ കർഷകർക്കുവേണ്ട വിത്ത് വാങ്ങുന്നതിലും വിതരണം ചെയ്യുന്നതിലും വൻ അഴിമതി നടക്കുന്നു എന്ന വിവരം തൊഴിലാളി ഉന്നതാധികാരികൾക്ക് നല്കി. ഇതറിഞ്ഞ ഡയറക്ടർ തൊഴിലാളിക്ക് പത്ത് കുറ്റങ്ങളടങ്ങിയ മെമ്മോ നല്കി. തൊഴിലാളിക്കെതിരെ അന്വേഷണത്തിനും ഡയറക്ടർ ഉത്തരവിട്ടു. നാസിക്കിൽ വെച്ചാണ് ഗാർഹികാന്വേഷണം നടത്തിയത്. അവിടേയ്ക്ക് പോകാനുള്ള യാത്രക്കൂലി നല്കാൻ ഡയറക്ടർ വിസമ്മതിച്ചതിനാൽ തൊഴിലാളി അതിൽ പങ്കെടുത്തില്ല. സ്വാഭാവിക നീതിയുടെ തത്ത്വങ്ങൾ പാലിക്കാതെ ഗാർഹികാന്വേഷണ ഉദ്യോഗസ്ഥൻ അന്വേഷണം പൂർത്തിയാക്കി റിപ്പോർട്ട് സമർപ്പിച്ചു. തൊഴിലാളിക്കെതിരെയുള്ള കുറ്റാരോപണങ്ങൾ തെളിഞ്ഞിട്ടുണ്ടെന്നാണ് റിപ്പോർട്ടിൽ വ്യക്തമാക്കിയത്. പ്രസ്തുത അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഡയറക്ടർ അയാളെ ജോലിയിൽ നിന്ന് പിരിച്ചുവിട്ടു. ഇതു സംബന്ധിച്ച് തൊഴിലാളി ലേബർ കോടതി മുമ്പാകെ പരാതി നല്കി. മേനേജ്മെന്റിന്റെ എതിർവാദങ്ങൾ മുഖവിലയ്ക്കെടുത്ത ലേബർ കോടതി തൊഴിലാളിയുടെ പരാതി തള്ളിക്കളഞ്ഞു. ഇതിനെതിരെ തൊഴിലാളി ഹൈക്കോടതിയിൽ റിട്ട് ഹർജി സമർപ്പിച്ചു. ഡയറക്ടറുടെ അഴിമതിയെക്കുറിച്ച് ഉന്നതാധികാരികൾക്ക് വിവരം നല്കിയതിലുള്ള വിരോധം വച്ചാണ് അന്യായമായും നിയമവിരുദ്ധമായും ഡയറക്ടർ തന്നെ പിരിച്ചുവിട്ടതെന്നും തന്നെ നിയമിച്ചത് പ്രസിഡന്റാണെന്നും ഡയറക്ടർക്ക് തന്നെ പിരിച്ചുവിടാൻ അധികാരമില്ലെന്നും മറ്റും തൊഴിലാളി വാദിച്ചു. സ്ഥലം മാറ്റ ഉത്തരവ് നല്കിയതിനു ശേഷം ബത്ത അനുവദിച്ചെങ്കിലും കൂടുതൽ തുക ആവശ്യപ്പെട്ട തൊഴിലാളി അനുവദിച്ച തുക വാങ്ങാതിരുന്നതാണെന്നും ഗാർഹികാന്വേഷണത്തിൽ നിന്ന് തൊഴിലാളി മനഃപൂർവ്വം വിട്ടു നിന്നതാണെന്നും പിരിച്ചുവിടാനുള്ള അധികാരം പ്രസിഡന്റ് ഡയറക്ടർക്ക് നിയമാനുസൃതം നല്കിയിട്ടുണ്ടെന്നും മറ്റും മേനേജ്മെന്റ് വാദിച്ചു. നിയമനാധികാരിക്കല്ലാതെ മറ്റാർക്കും തൊഴിലാളിക്കെതിരെ അച്ചടക്കനടപടി കൈക്കൊള്ളാൻ അധികാരമില്ലെന്ന് ഹൈക്കോടതി ചൂണ്ടിക്കാട്ടി. പ്രസിഡന്റ് നിയമിച്ച തൊഴിലാളിയെ പിരിച്ചുവിടാൻ ഡയറക്ടർക്ക് യാതൊരു വിധ അധികാരവുമില്ലെന്ന് വിലയിരുത്തിയ ഹൈക്കോടതി ലേബർ കോടതിയുടെ വിധിയും മേനേജ്മെന്റിന്റെ ഉത്തരവും റദ്ദാക്കുകയും തൊഴിലാളിയുടെ റിട്ട് ഹർജി അനുവദിക്കുകയും ചെയ്തു.